(ബി) എസ്.എസ്.എൽ.സി. പാസ്സായവരും സെക്രട്ടേറിയറ്റിൽ മൂന്ന് വർഷത്തെ സർവ്വീസുമുള്ള 136 പേരെ അറ്റൻഡറായി തസ്തിത മാറ്റം വഴി നിയമിച്ചിട്ടുണ്ട്.

(സി) ഇക്കാര്യം പരിഗണിക്കാൻ നിർവ്വാഹമില്ല.

ആലപ്പുഴ ജില്ലയിലെ എൽ.ഡി.ക്ലാർക്ക് റാങ്ക് ലിസ്റ്റ്

27 (3765) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 18-4-2003-ന് ശേഷം 2003 ആഗസ്റ്റ് 5 വരെ കാലാവധി നീട്ടിയ ആലപ്പുഴ ജില്ലയിലെ എൽ.ഡി.ക്ലർക്ക് റാങ്ക് ലിസ്റ്റിൽ നിന്നും നീട്ടിയ കാലയളവിൽ ആർക്കെങ്കിലും നിയമനം നൽകിയിട്ടുണ്ടോ ;

(ബി) വിവിധ വകുപ്പുകളിൽ ഒഴിവുകൾ ഉണ്ടായിരുന്നിട്ടും ആലപ്പുഴ ജില്ലയിൽ അതനുസരിച്ചുള്ള നിയമനം നടത്താതിരുന്നതിന് പ്രത്യേകിച്ച് എന്തെങ്കിലും കാരണമുണ്ടോ ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ ലിസ്റ്റിന്റെ കാലാവധി ഇനിയും നീക്കുന്നതിന് സർക്കാർ തയ്യാറാകുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) 5-8-2003-ന് കാലാവധി തീരുന്ന എല്ലാ റാങ്ക് ലിസ്റ്റുകളുടെയും കാലാവധി ആറ്മാസം കൂടി ദീർഘിപ്പിക്കാൻ സർക്കാർ പി.എസ്.സി.യോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച കമ്മീഷന്റെ തീരുമാനം ലഭ്യമായിട്ടില്ല.

കൊല്ലം ജില്ലയിലെ എൽ.ഡി.ക്ലർക്ക് തസ്തികയിലേക്കുള്ള നിയമനം

28 (3766) ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ നിലവിലുള്ള പി.എസ്.സി. യുടെ എൽ.ഡി.ക്ലർക്ക് ലിസ്റ്റിൽനിന്നും ഇതുവരെ എത്രപേർക്ക് നിയമനം നൽകി എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ലിസ്റ്റിൽ നിന്നും ഹെഡ്കാർട്ടേഴ്സ് വേക്കൻസിയിലേക്ക് എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇപ്പോൾ ജില്ലയിൽ വിവിധ വകുപ്പുകളിലായി എത്ര എൽ.ഡി. ക്ലർക്കുമാരുടെ ഒഴിവുകളുണ്ട് ; വകുപ്പുതിരിച്ച് വ്യക്തമാക്കുമോ ;

(ഡി) നിലവിലുള്ള ഒഴിവുകളിൽ ഈ ലിസ്റ്റിൽനിന്നും നിയമനം നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly